9
2021
ഡിസംബർ
വ്യാഴം
1197
വൃശ്ചികം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള


e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 200 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-200 | പേജ് 4. വില 2.00 രൂപ




02 നോട്ടറി (ഭേദഗതി) ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചു
03 റേഷൻ ഉത്പന്നങ്ങളുടെ തൂക്കവും ഗുണനില വാരവും ഉറപ്പുവരുത്തും
04 കിസാൻ എക്സ്പോ 2021 തിരുവനന്തപുരത്ത് ഡിസംബർ 22 മുതൽ

# ഹെലികോപ്റ്റർ അപകടം: സംയുക്ത സൈനികമേധാവി ഉൾപ്പെടെ 13 മരണം



കോയമ്പത്തൂർ: തമിഴ്നാട്ടിലെ കുനൂരിലുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ സംയുക്ത സൈനിക മേധാവി ജനറൽ ബിപിൻ റാവത്ത് കൊല്ലപ്പെട്ടു. ബിപിൻ റാവത്തും ഭാര്യ മധുലിക റാവത്തും ഉൾപ്പെടെ 13 പേരാണ് ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചത്.

വ്യോമസേനയാണ് ബിപിൻ റാവത്തിൻറെ മരണം സ്ഥിരീകരിച്ചത്. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും ബിപിൻ റാവത്തിൻറെ മരണം സ്ഥിരീകരിച്ചു.

അപകടത്തിൽ അതീവ ഗുരുതരമായി പരിക്കേറ്റ ഗ്രൂപ്പ് ക്യാപ്റ്റൻ വരുൺ സിംഗാണ് ചികിത്സയിലുള്ളത്. കോയമ്പത്തൂരിലെ സുലൂർ വ്യോമസേന താവളത്തിൽ നിന്ന് ഊട്ടിയിലെ വെല്ലിംഗ്ടൺ കൻറോൺമെൻറിലേക്കുള്ള യാത്രാമധ്യേയാണ് വ്യോമസേനയുടെ എംഐ 17 ഹെലികോപ്റ്റർ തകർന്നത്. ലാൻഡിംഗിന് പത്തു കിലോമീറ്റർ അകലെവച്ചായിരുന്നു അപകടം.

ബിപിൻ റാവത്തിന് പുറമേ, ഭാര്യ മധുലിക റാവത്ത്, ബ്രിഗേഡിയർ എൽ.എസ്. ലിഡർ, ലെഫ്. കേണൽ ഹർജീന്ദർ സിംഗ്, എൻ.കെ. ഗുർസേവക് സിംഗ്, എൻ.കെ. ജിതേന്ദ്രകുമാർ, ലാൻസ് നായിക് വിവേക് കുമാർ, ലാൻസ് നായിക് ബി സായ് തേജ, ഹവീൽദാർ സത്പാൽ എന്നിവരാണ് അപകടത്തിൽപ്പെട്ടത്.

ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച സംയുക്ത സൈനിക മേധാവി ബിപിൻ റാവത്തിൻറെ സംസ്കാരം വെള്ളിയാഴ്ച നടക്കും. വ്യാഴാഴ്ച രാത്രി പ്രത്യേക സൈനിക വിമാനത്തിൽ മൃതദേഹം ഡൽഹിയിൽ എത്തിക്കും.

വെള്ളിയാഴ്ച രാവിലെ പതിനൊന്ന് മുതൽ ഉച്ചയ്ക്ക് രണ്ട് വരെ മൃതദേഹം പൊതുദർശനത്തിന് വയ്ക്കും. അതിനുശേഷം വിലാപയാത്രയായി ഡൽഹിയിലെ കൻറോൺമെൻറ് ഹൗസിൽ എത്തിക്കും. അവിടെ പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് മൃതദേഹം സംസ്കരിക്കും.

## മരിച്ച സൈനികരിൽ മലയാളിയും



ന്യൂഡൽഹി: സംയുക്ത സൈനിക മേധാവി ബിപിൻ റാവത്ത് ഉൾപ്പെടെയുള്ളവരുടെ മരണത്തിന് ഇടയാക്കിയ കുനൂർ ഹെലികോപ്റ്റർ അപകത്തിൽ മരിച്ചവരിൽ മലയാളി സൈനികനും. തൃശൂർ പുത്തൂർ പൊന്നൂക്കര സ്വദേശിയും ഹെലികോപ്റ്ററിൻറെ ഫ്ലൈറ്റ് ഗണ്ണറും ആയിരുന്ന വ്യോമസേന വാറൻറ് ഓഫീസർ പ്രദീപ് അറയ്ക്കലാണ് (38) രാജ്യത്തെ ഞെട്ടിച്ച അപകടത്തിൽ മരിച്ച മലയാളി.

2004 ൽ വ്യോമസേനയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ഇദ്ദേഹം പിന്നീട് എയർ ക്രൂ ആയി തെരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഛത്തീസ്ഗഡിലെ മാവോയിസ്റ്റുകൾക്കെതിരായ ഓപ്പറേഷൻസ്, ഉത്തരാഖണ്ഡിലും കേരളത്തിലും പ്രളയ സമയത്തെ റസ്ക്യൂ മിഷനുകൾ തുടങ്ങിയ അനേകം മിഷനുകളിൽ പങ്കെടുത്തു.

2018 ലെ കേരളത്തിലെ പ്രളയ സമയത്തു കോയമ്പത്തൂർ വ്യോമസേനാ താവളത്തിൽനിന്നും രക്ഷാപ്രവർത്തനങ്ങൾക്കായി പുറപ്പെട്ട ഹെലികോപ്റ്റർ സംഘത്തിൽ എയർ ക്രൂ ആയി സ്വമേധയാ ഡ്യൂട്ടി ഏറ്റെടുത്ത് സ്തുത്യർഹമായ സേവനമാണ് പ്രദീപ് കാഴ്ചവച്ചത്. ഒട്ടേറെ ജീവനുകൾ രക്ഷപ്പെടുത്തുവാൻ സാധിച്ച, പ്രദീപ് ഉൾപ്പെട്ട ആ ദൗത്യസംഘം ഇന്ത്യൻ പ്രസിഡൻറിൻറെയും സംസ്ഥാന സർക്കാരിൻറെയും പ്രത്യേക പ്രശംസ നേടിയിരുന്നു.

പൊന്നൂക്കര മൈന്പുള്ളി ക്ഷേത്രത്തിനുസമീപം അറയ്ക്കൽ വീട്ടിൽ രാധാകൃഷ്ണൻറെ മകനാണ്. സംഭവം അറിഞ്ഞ് സഹോദരൻ പ്രസാദ് കോയന്പത്തൂരിലേക്കു തിരിച്ചിട്ടുണ്ട്. പ്രദീപിൻറെ കുടുംബം കോയന്പത്തൂരിലെ ക്വാർട്ടേഴ്സിലാണ് താമസം.

ഏതാനും നാൾ മുന്പ് പ്രദീപ് മകൻറെ പിറന്നാളാഘോഷത്തിനും അച്ഛൻറെ ചികിത്സാ ആവശ്യത്തിനുമായി നാട്ടിൽ എത്തിയിരുന്നു. തിരിച്ചെത്തി ജോലിയിൽ പ്രവേശിച്ച് നാലാംദിവസമാണ് അപകടം. അമ്മ: കുമാരി. ഭാര്യ: ശ്രീലക്ഷ്മി. മക്കൾ: ദക്ഷൻ ദേവ് (അഞ്ച്), ദേവപ്രയാഗ് (രണ്ട്).

കോയമ്പത്തൂരിലെ സുലൂർ വ്യോമതാവളത്തിൽനിന്ന് ഊട്ടിക്കു സമീപം വെല്ലിംഗ്ടൺ കൻറോൺമെൻറിലേക്കുള്ള യാത്രയ്ക്കിടെ നീലഗിരിയിലെ കൂനൂരിലെ കാട്ടേരിയിലാണ് ഹെലികോപ്റ്റർ അപകടമുണ്ടായത്.

വ്യോമസേനയുടെ എംഐ 17 ഹെലികോപ്റ്ററാണ് ഉച്ചയ്ക്ക് തകർന്നു വീണത്. 14 പേരാണ് ഹെലികോപ്റ്ററിലുണ്ടായിരുന്നത്. അപകടത്തിൽ ഒരാൾ മാത്രമാണ് രക്ഷപ്പെട്ടത്. ഗുരുതരമായി പരിക്കേറ്റ ഗ്രൂപ്പ് ക്യാപ്റ്റൻ വരുൺ സിംഗ് ചികിത്സയിലാണ്.

ബിപിൻ റാവത്തിന് പുറമെ അദ്ദേഹത്തിൻറെ ഭാര്യ മധുലിക റാവത്ത്, ബ്രിഗേഡിയർ എൽ.എസ്. ലിഡർ, ലെഫ്.കേണൽ ഹർജീന്ദർ സിംഗ്, എൻ.കെ. ഗുർസേവക് സിംഗ്, എൻ.കെ. ജിതേന്ദ്രകുമാർ, ലാൻസ് നായിക്, വിവേക് കുമാർ, ലാൻസ് നായിക് ബി. സായ് തേജ, ഹവീൽദാർ സത്പാൽ എന്നിവർ അപകടത്തിൽപ്പെട്ട ഹെലികോപ്റ്ററിലുണ്ടായിരുന്നു.



## പോരാട്ടങ്ങളുടെ വീരൻ, വിടവാങ്ങിയത് ആദ്യസംയുക്ത സൈനിക മേധാവി

ന്യൂഡൽഹി: രാജ്യത്തിന് ധീരനായ ഒരു സൈനികനെയാണ് ജനറൽ ബിപിൻ റാവത്തിൻറെ വിയോഗത്തോടെയ നഷ്ടമാകുന്നത്. കാർക്കശ്യവും ധീരതയും ഉറച്ച നിലപാടുകളുമുള്ള ബിപിൻ റാവത്ത് വലിയ വെല്ലുവിളികളെയാണ് സൈന്യത്തിൻറെ മുൻ നിരയിൽനിന്ന് ഏറ്റെടുത്തിരുന്നത്.

ഉറിയിലെ സൈനിക ക്യാന്പിനു നേരെ ഉണ്ടായ ഭീകരരാക്രമണത്തിന് തിരിച്ചടിയായി മിന്നലാക്രമണം നടത്തിയത് ബിപിൻ റാവത്തിൻറെ നേതൃത്വത്തിലായിരുന്നു. പാക് അധീന കാഷ്മീരിൽ നടത്തിയ മിന്നലാക്രമണത്തിൽ നിരവധി ഭീകരരാണ് കൊല്ലപ്പെട്ടത്. ഇത് പാക്കിസ്ഥാനുള്ള സന്ദേശമെന്നാണ് അന്ന് ആക്രമണത്തിന് ശേഷം ബിപിൻ റാവത്ത് പ്രതികരിച്ചത്.

ഇന്ത്യയുടെ ആദ്യത്തെ സംയുക്ത സൈനിക മേധാവിയായിരുന്നു ബിപിൻ റാവത്ത്. 2019 ഡിസംബർ 31നാണ് അദ്ദേഹത്തെ സംയുക്ത സൈനിക മേധാവിയായി നിയമിച്ചത്. കര, നാവിക, വ്യോമ സേനാ മേധാവികൾക്കു തുല്യമായി നാലു സ്റ്റാർ ഉള്ള ജനറൽ പദവിയാണ് ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫിൻറേത്.

ഷിംല സെൻറ് എഡ്വേർഡ് സ്കൂളിൽ നിന്നു വിദ്യാഭ്യാസം പൂർത്തിയാക്കിയ ബിപിൻ റാവത്ത് നാഷണൽ ഡിഫൻസ് അക്കാഡമിയിലും ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിലുമാണ് തുടർപഠനം നടത്തിയത്. കരസേനയിലെ ഗൂർഖ റെജിമെൻറ് വിഭാഗത്തിൽ നിന്നാണ് അദ്ദേഹം സേനയുടെ തലപ്പത്തെത്തിയത്.

2016 ഡിസംബർ 31നാണ് കരസേനാ മേധാവിയായി അദ്ദേഹം ചുമതലയേറ്റത്. 2020 ജനുവരി ഒന്നിന് സംയുക്ത സേനാ മേധാവിയായി ചുമതലയേറ്റു. 2015 ഫെബ്രുവരി മൂന്നിന് നാഗാലാൻഡിലെ ദിമാപുരിൽ ഒരു ഹെലികോപ്റ്റർ അപകടത്തിൽ നിന്ന് റാവത്ത് രക്ഷപ്പെട്ടിരുന്നു. പരമവിശിഷ്ട സേവാ മെഡൽ, അതിവിശിഷ്ട സേവാ മെഡൽ, വിശിഷ്ട സേവാ മെഡൽ, ഉത്തം യുദ്ധ് സേവാമെഡൽ, യുദ്ധ് സേവാ മെഡൽ, സേനാ മെഡൽ തുടങ്ങിയ സൈനിക ബഹുമതികൾ ലഭിച്ചിട്ടുണ്ട്

## രാജ്യത്തിന് ധീരനായ ഒരു പുത്രനെ നഷ്ടപ്പെട്ടിരിക്കുന്നു; രാഷ്ട്രപതി

ന്യൂഡൽഹി: സംയുക്ത സൈനിക മേധാവി ബിപിൻ റാവത്തിൻറെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ബിപിൻ റാവത്തിൻറെ ആകസ്മികമായ വിയോഗത്തിൽ താൻ ഞെട്ടലും വേദനയും അനുഭവിക്കുന്നുവെന്ന് രാഷ്ട്രപതി ട്വീറ്റ് ചെയ്തു. രാജ്യത്തിന് ധീരനായ ഒരു പുത്രനെ നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻറെ കുടുംബനെ അനുശോചനം അറിയിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

## കടലിൽ ബോട്ട് കത്തി നശിച്ചു; ഒൻപത് തൊഴിലാളികൾ അത്ഭുതകരമായി രക്ഷപെട്ടു

ചവറ: മത്സ്യബന്ധനത്തിനിടെ ബോട്ട് കത്തി നശിച്ചു. നീണ്ടകരയിൽ നിന്നു മത്സ്യബന്ധനത്തിന് പോയ വേളാങ്കണ്ണി മാതാ എന്ന ബോട്ടാണ് ഇന്ന് പുലർച്ചെ 5.30 ഓടെ അഴീക്കൽ ഭാഗത്തു ഗ്യാസ് സിലണ്ടർ ചോർന്ന് അഗ്നിക്കിരയായത്.

തെക്കുംഭാഗം ദളവാപുരം പുത്തൻതുരുത്തു അനുഭവനത്തിൽ അഗസ്റ്റിൻ അലക്സാണ്ടറിൻറെ ഉടമസ്ഥതയിലുള്ള ബോട്ടാണ് അപകടത്തിൽപെട്ടത്. ബോട്ടിലുണ്ടായിരുന്ന അരുൺദാസ്, അലക്സാണ്ടർ, അഗസ്റ്റിൻ, സുനിൽ, സജു, ഷിബു, ലാലു, രാജു, റയ്മണ്ട് എന്നീ തൊഴിലാളികൾ അത്ഭുതകരമായി രക്ഷപെട്ടു.

സമീപത്തു ഉണ്ടായിരുന്ന മറ്റൊരു ബോട്ടാണ് തൊഴിലാളികളെ സുരക്ഷിതമായി രക്ഷപ്പെടുത്തിയത്. സംഭവമറിഞ്ഞു മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ് എന്നിവർ സ്ഥലത്തെത്തി മറ്റ് ബോട്ടുകാരുടെ സഹായത്തോടെ തീയണച്ചു.




## കോഹ്ലിയെ മാറ്റി, രോഹിത് ശർമ ഏകദിന ടീമിൻെറ നായകൻ

ന്യൂഡൽഹി: ഇന്ത്യയുടെ ഏകദിന ക്രിക്കറ്റ് ടീം നായകനായി രോഹിത് ശർമ്മയെ തെരഞ്ഞെടുത്തു. ദക്ഷിണാഫ്രിക്കയ്ക്കെതിരായ പരമ്പര ആരംഭിക്കുന്നതിന് മുന്നോടിയായാണ് ബിസിസിഐ പുതിയ നായകനെ പ്രഖ്യാപിച്ചത്.

ഓൾ ഇന്ത്യ സീനിയർ സെലക്ഷൻ കമ്മിറ്റിയാണ് രോഹിതിനെ നായകനായി നിയമിച്ചത്. നിലവിൽ ഇന്ത്യയുടെ ട്വൻറി20 നായകൻ കൂടിയാണ് രോഹിത് ശർമ.

ഇതോടെ വിരാട് കോഹ്ലി ഏകദിന നായകസ്ഥാനത്തുനിന്ന് പടിയിറങ്ങും. ടെസ്റ്റ് ക്രിക്കറ്റിൽ മാത്രമായിരിക്കും കോഹ്ലി ഇന്ത്യയുടെ നായകനാകുക. ടെസ്റ്റ് ക്രിക്കറ്റിൽ അജിങ്ക്യ രഹാനെയ്ക്ക് പകരം രോഹിത് ശർമ്മയെ സഹനായകനായും തെരഞ്ഞെടുക്കുകയും ചെയ്തു.




ഡിസംബർ 26 നാണ് ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഇന്ത്യയുടെ ക്രിക്കറ്റ് പര്യടനം ആരംഭിക്കുക. ആദ്യം ടെസ്റ്റ് മത്സരങ്ങളാണ് നടക്കുക. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെയും പ്രഖ്യാപിച്ചിട്ടുണ്ട്.

വിരാട് കോഹ്ലി (നായകൻ), രോഹിത് ശർമ, കെ.എൽ.രാഹുൽ, മായങ്ക് അഗർവാൾ, ചേതേശ്വർ പൂജാര, അജിങ്ക്യ രഹാനെ, ശ്രേയസ് അയ്യർ, ഹനുമ വിഹാരി, ഋഷഭ് പന്ത്, വൃദ്ധിമാൻ സാഹ, ആർ. അശ്വിൻ, ജയന്ത് യാദവ്, ഇഷാന്ത് ശർമ്മ, മുഹമ്മദ് ഷമി, ഉമേഷ് യാദവ്, ജസ്പ്രീത് ബുംറ, ശാർദുൽ ഠാക്കൂർ, മുഹമ്മദ് സിറാജ് എന്നിവരാണ് ടെസ്റ്റ് ടീമിലുള്ളത്.




കേരള സാഹിത്യ അക്കാദമി പുരസ്കാര സമർപ്പണം സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

PRP 593 (08/12/2021)

# ലോക മണ്ണ് ദിനത്തോടനുബന്ധിച്ചു ദേശീയ വെബിനാർ നടന്നു

ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് വെള്ളായണി കാർഷിക കോളേജിലെ സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചർ കെമിസ്ട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

പ്രശ്നാത്മക മണ്ണ് പരിപാലന രീതികളെക്കുറിച്ചായിരുന്നു വെബിനാർ. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു വെബിനാർ ഉത്ഘാടനം ചെയ്തു. വെബിനാറിനോടനുബന്ധിച്ച് ലഖ്നൗ സെൻട്രൽ സോയിൽ സലൈനിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. സഞ്ജയ് അറോറ, പ്രമുഖ മണ്ണു ശാസ്ത്രജ്ഞ ഡോ.കെ.സി. മനോരമത്തമ്പാട്ടി എന്നിവർ പ്രഭാഷണം നടത്തി.

വെള്ളായണി കാർഷിക കോളേജിലെ ഡീൻ ഡോ. എ അനിൽകുമാർ, സോയിൽ സയൻസ് വിഭാഗം മേധാവി ഡോ. റാണി ബി, ഓർഗാനിക് അഗ്രിക്കൾച്ചർ വിഭാഗം മേധാവി ഡോ. അപർണ ബി, കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗവും ദക്ഷിണ മേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, വെള്ളായണിയുടെ മേധാവിയുമായ ഡോ. റോയ് സ്റ്റീഫൻ, എ.ഐ.എൻ.പി ഓൺ പെസ്റ്റിസൈഡ് റെസിഡ്യൂസ് വെള്ളായണി മേധാവിയും ജനറൽ കൌൺസിൽ മെമ്പറുമായ ഡോ. തോമസ് ജോർജ്ജ് എന്നിവർ പങ്കെടുത്തു.

സോയിൽ സയൻസ് ആന്റ് അഗ്രിക്കൾച്ചറൽ കെമിസ്ട്രി വിഭാഗംപുറത്തിറക്കിയ കംമ്പെന്റിയം ഓൺ സോയിൽ ഡേ സെലിബ്രേഷൻ എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. ആർ ചന്ദ്രബാബു നിർവ്വഹിച്ചു.

വെള്ളായണി കാർഷിക കോളേജ് സോയിൽ സയൻസ് വിഭാഗം മുൻ മേധാവി ഡോ. കെ.സി. മനോരമത്തമ്പാട്ടിയുടെ പ്രോബ്ലം സോയിൽസ് കൺസ്ട്രയിന്റ്സ് ആൻഡ് മാനേജ്മെന്റ് എന്ന പുസ്തകത്തിന്റെ പ്രകാശനം വെള്ളായണി കാർഷിക കോളേജിലെ ഡീൻ ഓഫ് ഫാക്കൽറ്റി ഡോ. എ. അനിൽകുമാർ നിർവ്വഹിച്ചു.

വെള്ളായണി കാർഷിക കോളേജ് സോയിൽ സയൻസ് വിഭാഗത്തിന്റെ ഭാഗമായ സോയിൽ ടെസ്റ്റിങ് ലാബിൽ നടത്തിയ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷകർക്കുളള സോയിൽ ഹെൽത്ത് കാർഡ് വിതരണവും, ദിനാചരണത്തിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ വിവിധ കലാസാഹിത്യ മത്സരങ്ങളുടെ സമ്മാനദാനവും നടന്നു.

കോളേജ് അങ്കണത്തിൽ ശാസ്ത്ര പ്രദർശനവും സംഘടിപ്പിച്ചു.

# 2022ൽ കേരളത്തിൽ 1,00,000 ചെറുകിട സംരംഭങ്ങൾ തുടങ്ങുക ലക്ഷ്യം: മന്ത്രി പി. രാജീവ്

2022 വ്യവസായ വർഷമായിക്കണ്ട് സംസ്ഥാനത്ത് 1,00,000 സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ(എം.എസ്.എം.ഇ) തുടങ്ങുകയാണു ലക്ഷ്യമെന്ന് വ്യവസായ മന്ത്രി പി. രാജീവ്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻർപ്രണർഷിപ്പ് ഡെവലപ്മെന്റിനെ(കീഡ്) സംരംകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉത്തരവാദിത്ത നിക്ഷേപത്തിന്റേയും ഉത്തരവാദിത്ത വ്യവസായത്തിന്റേയും കേന്ദ്രമാക്കി കേരളത്തെ മാറ്റാനാണു സർക്കാർ ശ്രമിക്കുന്നതെന്നു മന്ത്രി പറഞ്ഞു. എത്രപേർക്കു പരിശീലനം നൽകി എന്നതിലല്ല, എത്ര സംരംഭകരെ സൃഷ്ടിച്ചു എന്നതാകണം സംരംഭകത്വ വികസനത്തിന്റെ മാനദണ്ഡം. പശ്ചിമഘട്ട സംരക്ഷണം, തീര സംരക്ഷണം, തണ്ണീർത്തട സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പരിമിതികൾ മനസിലാക്കിയുള്ള വ്യവസായ വികസനമാണു സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

സംരംഭകത്വ വികസനത്തിനായി എം.എസ്.എം.ഇകൾ, ക്ലസ്റ്ററുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടണം. നിലവിൽ 16 ക്ലസ്റ്ററുകളാണു സംസ്ഥാനത്തുള്ളത്. ഇതു വ്യാപിപ്പിക്കും. ഓരോ ഗ്രാമത്തിലും ചെറിയ ക്ലസ്റ്ററുകൾ തുടങ്ങണം. കോമൺ ഫെസിലിറ്റി സെന്ററുകളും കൂടുതലായി ആരംഭിക്കണം.

സംരംഭകനാകാൻ ആഗ്രഹിച്ചെത്തുന്നവരെ മികച്ച സംരംഭകരായി തിരികെ അയക്കാനുള്ള എല്ലാ സംവിധാനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻർപ്രണർഷിപ്പ് ഡെവലപ്മെന്റിന് (കീഡ്) ഉണ്ടാകണം.

സംരംഭകർക്ക് സാങ്കേതികവിദ്യ, മാർക്കറ്റിങ്, മാനേജ്മെന്റ് എന്നിവയിൽ വൈദഗ്ധ്യം നൽകാൻ കഴിയുന്ന സ്ഥാപനമായി കീഡ് വികസിക്കണം.

കുട്ടികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് 700 ഓളം സംരംഭകത്വ വികസന ക്ലബുകൾ സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. മേയ് മാസത്തോടെ ഇത് 1,000 ആക്കി ഉയർത്തും. കാർഷിക മൂല്യവർധിത ഉത്പന്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് മൂവായിരം പേർക്ക് രണ്ടു ഘട്ടമായി പരിശീലനം നൽകാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

കീഡിന്റെ മാസ്റ്റർ പ്ലാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവനു മന്ത്രി കൈമാറി. കീഡിന്റെ ലോഗോയും പ്രകാശനം ചെയ്തു.

വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ കെ. സുധീർ, കീഡ് എക്സിക്യൂട്ടിവ് ഡയറക്ടർ ശരത് വി. രാജ്, പ്രോഗ്രാം എക്സിക്യൂട്ടിവ് ആർ. രാഹുൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# രാജ്യത്ത് പുരോഗമിക്കുന്ന ഷിപ്പിംഗ് വികസന പദ്ധതികൾ ഇനിപ്പറയുന്നവയാണ്:



(i) കേരളത്തിലെ കൊച്ചിയിൽ പുതിയ 310 ങ ഡ്രൈ ഡോക്ക് പദ്ധതി

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (C-S-L) 1799 കോടി രൂപ ചെലവിൽ ഡ്രൈ ഡോക്ക് നിർമ്മിക്കുന്നു. ഡോക്കിന്റെ വലിപ്പവും ഡോക്ക് ഫ്ലോറിന്റെ ശേഷിയും കണക്കിലെടുക്കുമ്പോൾ, ഇത് ഇന്ത്യയിലെ ഏറ്റവും വലിയ ഡ്രൈ ഡോക്കുകളിൽ ഒന്നായിരിക്കും.

പ്രത്യേക ആവശ്യങ്ങൾക്കുള്ളതും, നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതവുമായ വലിയ കപ്പലുകളുടെ അറ്റകുറ്റപ്പണികൾ/നിർമ്മാണം എന്നീ മേഖലകളിൽ നിലനിൽക്കുന്ന വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഡ്യുവൽ പർപ്പസ് ഡ്രൈ ഡോക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. 2023 ജൂലൈയിൽ ഇത് കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ii) കേരളത്തിലെ കൊച്ചിയിൽ അന്താരാഷ്ട്ര കപ്പൽ അറ്റകുറ്റപ്പണി സൗകര്യം (International Ship Repair Faciltiy ISRF).

കൊച്ചിയിലെ വില്ലിംഗ്ഡൺ ഐലൻഡിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ (CoPT) നിലവിലുള്ള കപ്പൽ അറ്റകുറ്റപ്പണി സൗകര്യം 30 വർഷത്തെയ്ക്ക് 970 കോടി രൂപ പാട്ടത്തിന് ഇടഘ ഏറ്റെടുത്തു. 2023 ജനുവരിയോടെ ഈ സൗകര്യം കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(iii) ഹൂഗ്ലി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (Hooghly Cochin Shipyard Limited HCSL), കൊൽക്കത്ത, പശ്ചിമ ബംഗാൾ

മൊത്തം 168 കോടി രൂപ മുതൽമുടക്കുള്ള ഈ സൗകര്യം നിലവിൽ പ്രവർത്തന സജ്ജമാണ്.

(iv) ടെബ്മ ഷിപ്പ്യാർഡ്സ് ലിമിറ്റഡ് (Tebma Shipyards Limited TSL), മാൽപെ, കർണാടക

ഇടഘന്റെ 100% പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു അനുബന്ധ കമ്പനിയാണിത്. 70 കോടി രൂപ നിക്ഷേപിച്ചു. ഈ സൗകര്യം നിലവിൽ പ്രവർത്തന സജ്ജമാണ്.

(v) ഇടഘമുംബൈ കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റ് (CSL Mumbai Ship Repair Unit CMSRU), മുംബൈ, മഹാരാഷ്ട്ര

മുംബൈ പോർട്ട് ട്രസ്റ്റുമായുള്ള കരാറിലൂടെ 2018 ഒക്ടോബറിൽ ഇടഘ മുംബൈ കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. പ്രതിരോധ, വാണിജ്യ കപ്പലുകളുടെ അറ്റകുറ്റപ്പണികൾക്ക് സൗകര്യം.

(vi) ഇടഘകൊൽക്കത്ത കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റ് (CSL Kolkata Ship Repair Unit CKSRU), കൊൽക്കത്ത, പശ്ചിമ ബംഗാൾ

നേതാജി സുഭാഷ് ഡോക്കിലെ (NSD) കപ്പൽ അറ്റകുറ്റപ്പണി സൗകര്യത്തിന്റെ പ്രവർത്തനത്തിനും മാനേജ്മെന്റിനുമായി കൊൽക്കത്ത പോർട്ട് ട്രസ്റ്റുമായി 30 വർഷത്തേക്ക് കരാറിൽ ഏർപ്പെടുക വഴി 2019 മാർച്ചിൽ ഇടഘ അതിന്റെ കൊൽക്കത്ത കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. ഇടഘകൊൽക്കത്ത ഷിപ്പ് റിപ്പയർ യൂണിറ്റ് (ഇഗടഞ്ഞ ഡ) എന്നറിയപ്പെടുന്ന ഇടഘന്റെ പ്രത്യേക യൂണിറ്റാണ് പുതിയ സംരംഭം നിയന്ത്രിക്കുന്നത്. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2020 ജനുവരി 12 ന് ഇഗടഞ്ഞഡ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഈ സൗകര്യം പ്രതിരോധ, വാണിജ്യ കപ്പലുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നു.

(vii) ഇടഘആൻഡമാൻ & നിക്കോബാർ കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റ് (CSLAndaman & Nicobar Ship Repair Unit CANSRU), പോർട്ട് ബ്ലെയർ, ആൻഡമാൻ & നിക്കോബാർ

കപ്പൽ അറ്റകുറ്റപ്പണികൾക്കായി, ആൻഡമാൻ നിക്കോബാർ ഭരണകൂടവുമായുള്ള കരാറിലൂടെ, ആൻഡമാൻ യൂണിറ്റിന്റെ പ്രവർത്തനം പോർട്ട് ബ്ലെയറിലെ മറൈൻ ഡോക്ക്യാർഡിൽ ഇടഘ ആരംഭിച്ചു.

കരാർ 30 വർഷത്തേക്കാണ്, ഈ കാലയളവിൽ ഡോക്ക്യാർഡിന്റെ പ്രവർത്തനക്ഷമത ഇടഘ വിപുലീകരിക്കുമെന്നും ദ്വീപിലെ കപ്പൽ അറ്റകുറ്റപ്പണി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുമെന്നും പ്രതീക്ഷിക്കുന്നു. കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി ശ്രീ സർബാനന്ദ സോനോവാൾ ഇന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യങ്ങൾ അറിയിച്ചത്.

# നോട്ടറി (ഭേദഗതി) ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചു

നോട്ടറിമാരുടെ തൊഴിൽ നിയന്ത്രിക്കുന്നതിനായാണ് പാർലമെന്റ് 1952ലെ നോട്ടറി നിയമം പാസ്സാക്കിയത് . നിശ്ചിത യോഗ്യതയുള്ള നോട്ടറികളെ നിയമിക്കാൻ കേന്ദ്ര ഗവണ്മെന്റിനും അതോടൊപ്പം സംസ്ഥാന ഗവണ്മെന്റുകൾക്കും അധികാരം നൽകുന്നതാണ് 1952ലെ നോട്ടറി നിയമത്തിലെ വ്യവസ്ഥകളും അതിന് കീഴിൽ രൂപീകരിച്ച ചട്ടങ്ങളും.

നോട്ടറി ആക്ട്, 1952 ന്റെ നിലവിലുള്ള വ്യവസ്ഥകളും അതിന് കീഴിൽ രൂപീകരിച്ച ചട്ടങ്ങളും അനുസരിച്ച്, പ്രാരംഭ നിയമനത്തിന് ശേഷം ഒരു നോട്ടറിയുടെ പ്രാക്ടീസ് സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനുള്ള തവണകൾ അനിയന്ത്രിതമാണ്. നോട്ടറി നിയമങ്ങൾ, 1956ലെ നോട്ടറി ചട്ടങ്ങളിലെ ഷെഡ്യൂളിൽ പ്രതിഫലിപ്പിക്കുന്നതുപോലെ, കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾക്ക് നിശ്ചിത എണ്ണം നോട്ടറിമാരെ മാത്രേ നിയമിക്കാനാകുകയുള്ളു. അതിുപുറമെ, നോട്ടറിമാരുടെ ഒഴുക്ക് ഒഴിവാക്കുന്നതിനായി വാണിജ്യ പ്രാധാന്യവും നോട്ടറിമാരുടെ ആവശ്യകതയും കണക്കിലെടുത്ത് ഈ നോട്ടറികളെ ഒരു പ്രത്യേക പ്രദേശത്ത് നിയമിക്കുകയാണ് ചെയ്യുന്നത്.

നോട്ടറി പബ്ലിക്കായി സേവനമനുഷ്ഠിക്കാൻ അഭിലഷിക്കുന്ന യോഗ്യരായ യുവ നിയമ പ്രാക്ടീഷണർമാർക്ക് അവരുടെ നിയമ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായ രീതിയിൽ നൽകുന്നതിനായി അവരുടെ പ്രൊഫഷണൽ മികവ് വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നതിനായി ഒരു അവസരം അവർക്ക് നൽകേണ്ടതുണ്ടെന്ന് കരുതുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അനിയന്ത്രിതമായ കാലാവധികളിൽ പുതുക്കാം എന്നത് വെട്ടിക്കുറച്ചുകൊണ്ട് നോട്ടറിമാരുടെ മൊത്തത്തിലുള്ള കാലാവധി പതിനഞ്ച് വർഷം വരെ (അഞ്ച് വർഷത്തെ പ്രാരംഭ കാലാവധിയും അഞ്ച് വർഷം വീതം രണ്ട് പുതുക്കൽ കാലാവധികളും) പരിമിതപ്പെടുത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ യുവ നിയമപ്രാക്ടീഷണർമാർക്ക് നോട്ടറിയായി സേവനം അനുഷ്ഠിക്കുന്നതിന് അവസരം ലഭിക്കുന്നു. നോട്ടറി പബ്ലിക് ഏറ്റെടുക്കുന്ന നോട്ടറി ജോലികളുടെ മികച്ച വികാസത്തിനും നിയന്ത്രണത്തിനും ഇത് വഴിയൊരുക്കുകയും തൊഴിലിന്റെ ആവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യും.

നോട്ടറിമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഏതെങ്കിലും ശൂന്യത ഒഴിവാക്കുന്നതിനുമായി, നോട്ടറി (ഭേദഗതി) നിയമം 2021 പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് കാലഹരണപ്പെടുന്നതിന് മുമ്പ് പ്രാക്ടീസ് സർട്ടിഫിക്കറ്റുകൾ മൂന്നാമത്തേതോ അതിലധികമോ കാലാവധികളിലേക്ക് തുടർച്ചയായി പുതുക്കുന്നതിനായി ലഭിച്ചഅപേക്ഷകൾ ഒരു തവണത്തേയ്ക്കുകൂടി പരിഗണിക്കും. അതിനുപുറമെ നോട്ടറികളുടെ (ഭേദഗതി) നിയമം, 2021 പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഇതിനകം പുതുക്കുകയും വിതരണം ചെയ്യുകയും ചെയ്ത നോട്ടറിമാരുടെ പ്രാക്ടീസ് സർട്ടിഫിക്കറ്റുകൾ അത്തരം പുതുക്കൽ കാലാവധി അവസാനിക്കുന്നത് വരെയും സാധുവായിരിക്കും.

1952ലെ നോട്ടറി നിയമത്തിലെ വകുപ്പ് 10 പ്രകാരം, ഒരു നോട്ടറി പബ്ലിക്കിന്റെ പേര് അത് പരിപാലിക്കുന്ന നോട്ടറി രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യാൻ ഉചിതമായ ഗവൺമെന്റിന് അധികാരമുണ്ട്, നിർദ്ദിഷ്ട രീതിയിൽ നടത്തുന്ന ഒരു അന്വേഷണത്തിൽ ആ ജോലിയിൽ കുറ്റക്കാരനാണെന്നോ അല്ലെങ്കിൽ ഗവൺമെന്റിന്റെ അഭിപ്രായത്തിൽ മറ്റ് തെറ്റായ പെരുമാറ്റമുണ്ടെന്നോ കണ്ടെത്തിയാൽ അദ്ദേഹത്തെ നോട്ടറിയായി പ്രാക്ടീസ് ചെയ്യാൻ അയോഗ്യനാക്കാം. എന്നിരുന്നാലും, ഒരു പരാതി പരാതി ലഭിച്ചതുകൊണ്ടുമാത്രമോ അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ ആരംഭിച്ച അന്വേഷണം പൂർത്തിയാകുന്നതുവരെയോ ഒരു നോട്ടറിയുടെ പ്രാക്ടീസ് സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യുന്നതിനോ നോട്ടറി നിയമത്തിൽ വ്യവസ്ഥയില്ല. അതിന്റെ ഫലമായി, ചില കേസുകളിൽ, പ്രഥമദൃഷ്ട്യാ മോശമായ പെരുമാറ്റമുണ്ടായി എന്ന പരാതി ഉണ്ടായിരുന്നിട്ടും അന്വേഷണ നടപടികൾ മുടങ്ങിക്കിടക്കുന്നതിനാൽ ആ കാലാവധിയിലും നോട്ടറി പ്രവർത്തനം തുടരുന്നു.

അതിനാൽ, ഒരു പരാതി ലഭിച്ചാലും അല്ലെങ്കിൽ പ്രൊഫഷണലായ മോശം പെരുമാറ്റം അന്വേഷണത്തിന് അനുയോജ്യമാണെങ്കിലും ആ കാലഘട്ടത്തിൽ നോട്ടറി പബ്ലിക്കിന്റെ പ്രാക്ടീസ് സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യുന്നതിന് ഉചിതമായ ഗവൺമെന്റിന് അധികാരം നൽകുന്ന വ്യവസ്ഥകൾ കൂട്ടിചേർത്ത് 1952ലെ നോട്ടറി നിയമം ശക്തമാക്കുന്നതിനുള്ള നിർദ്ദേശവുമുണ്ട്.

ഡിജിൽവൽക്കരണത്തിന്റെ ആവിർഭാവത്തോടെ, നോട്ടറൈസേഷ (നോട്ടറിവൽക്കരണം)നുമായി ബന്ധപ്പെട്ട മോശമായ പെരുമാറ്റം തടയുന്നതിനും പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കു ന്നതിനുമായി, ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് നോട്ടറി പബ്ലിക്കിന്റെ രേഖകളും ഡിജിറ്റൽ രൂപത്തിൽ ഡിജിറ്റൽവൽക്കരിച്ച് സംരക്ഷിക്കണമെന്നും കരുതുന്നു. ഇത് ഏതെങ്കിലും തരത്തിലുള്ള വഞ്ചന, തട്ടിപ്പ്, രേഖകളിൽ കൃത്രിമം കാണിക്കൽ, നോട്ടറൈസേഷന്റെ പഴയതീയതി വയ്ക്കുക (ബാക്ക് ഡേറ്റിംഗ്) മുതലായവ ഒഴിവാക്കാൻ ഇത് സഹായിക്കും. മേൽപ്പറഞ്ഞ ആവശ്യത്തിനായി, നോട്ടറികൾ ഏറ്റെടുക്കുന്ന നോട്ടറി ജോലികളുടെ ഡിജിൽവൽക്കരണത്തിനും ഓട്ടോമേഷനു (യന്ത്രവൽക്കരണം) മുള്ള വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുമുണ്ട്.

നിശ്ചിത ലക്ഷ്യം കൈവരിക്കുന്നതിനായി 1952ലെ നോട്ടറി നിയമം ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടു, നിർദ്ദിഷ്ട ബില്ലിന്റെ പ്രധാന സവിശേഷതകൾ ഇനിപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം:

നോട്ടറിമാരുടെ പ്രാക്ടീസ് സർട്ടിഫിക്കറ്റുകളുടെ പുതുക്കൽ രണ്ട് തവണ വരെയായി നിജപ്പെടുത്താൻ കരട് ബിൽ നിർദ്ദേശിക്കുന്നു, അതായത്, യഥാർത്ഥ കാലാവധിയായ അഞ്ച് വർഷവും അഞ്ചുവർഷം വീതമുള്ള രണ്ട് പുതുക്കൽ തവണകളും;

ജോലിയിലെ മോശം പെരുമാറ്റവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണം നടത്തുന്നതിനായി പ്രാക്ടീസ് സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഗവൺമെന്റുകൾക്കുള്ള അധികാരം;

നോട്ടറികൾ ഏറ്റെടുത്ത നോട്ടറി ജോലിയുടെ ഡിജിൽവൽക്കരണം.

നിയമനിർമ്മാണത്തിന് മുമ്പുള്ള കൂടിയാലോചന പ്രക്രിയയുടെ ഭാഗമായി, മേൽപ്പറഞ്ഞ കരട് ബില്ലിന്റെ ഒരു പകർപ്പ് നിയമകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ( h-ttp-s://l-e-g-a-l-a-f-f-a-ir-s.gov.in/ ) അഭിപ്രായങ്ങൾ/ വീക്ഷണങ്ങൾ എന്നിവയ്ക്കായി അപ്ലോഡ് ചെയ്തിട്ടുണ്ട്. ഇവ 2021 ഡിസംബർ 15നകം ലഭിക്കണം.

# കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് 2021: അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്ത് അക്ഷയ ഊർജ്ജ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവർക്ക് അവാർഡുകൾ നൽകുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. പൊതു സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, യുവ സംരംഭകർ, വാണിജ്യ സംരംഭകർ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർക്കാണ് അനർട്ട് മുഖേന അവാർഡ് നൽകുന്നത്.

2019 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്. ഓരോ മേഖലയിലും അവാർഡിന് അർഹരാകുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും, ഫലകവും, പ്രശസ്തി പത്രവും നൽകും. ഈ രംഗത്ത് സമഗ്ര സംഭാവന നൽകിയ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പ്രത്യേക അവാർഡും നൽകും. ദേശീയ ശാസ്ത്ര ദിനമായ 2022 ഫെബ്രുവരി 28ന് അവാർഡ് വിതരണം ചെയ്യും. അപേക്ഷ ഫോമും, മറ്റ് മാർഗ്ഗനിർദേശങ്ങളും ൦൦൦.മില്യ.േഴ്.ശിൽ ലഭ്യമാണ്. നിശ്ചിത അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, വികാസ് ഭവൻ പി. ഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ഡിസംബർ 31ന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 1800 425 1803 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടണം.



കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം സാംസ്കാരിക മന്ത്രി സജി ചെറിയാൻ പെരുമ്പടവം ശ്രീധരന് നൽക്കുന്നു



ബംഗളൂരുവിലെ ഇസ്രയേൽ കോൺസൽ ജനറലുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തുന്നു

# 18 വയസ്സിന് താഴെയുള്ളവർക്ക് വേണ്ടിയുള്ള വാക്സിനേഷൻ പരീക്ഷണ ഘട്ടത്തിൽ

18 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് വാക്സിൻ നൽകുന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ തെളിവുകൾ നാഷണൽ എക്സ്പേർട്ട് ഗ്രൂപ്പ് ഓൺ വാക്സിൻ അഡ്മിനിസ്ട്രേഷൻ ഫോർ കൊവിഡ് (ചഋഏഢഅഇ), നാഷണൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷൻ (ചഠഅഏക) എന്നിവ പരിഗണിക്കുന്നു. രാജ്യത്തെ 12 വയസും അതിന് മുകളിലുമുള്ളവരിൽ നടത്തിയ രണ്ടും മൂന്നും ഘട്ട ക്ലിനിക്കൽ പരീക്ഷണങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാഡില ഹെൽത്ത്കെയർ നിർമ്മിക്കുന്ന സൈകോവ് ഡി വാക്സിന്, അടിയന്തരഘട്ടങ്ങളിൽ നിയന്ത്രിത ഉപയോഗത്തിനുള്ള അനുമതി, ദേശീയ തലത്തിലെ നിയന്ത്രണ ഏജൻസിയായ ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ (ഉഇഏക)യിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

ഇനിപ്പറയുന്ന കോവിഡ് 19 വാക്സിനുകൾ രാജ്യത്ത് 18 വയസ്സിന് താഴെയുള്ളവരിൽ ക്ലിനിക്കൽ പരീക്ഷണത്തിലാണ്:



1.. ഭാരത് ബയോടെക് കമ്പനി നിർമ്മിക്കുന്ന കോവാക്സിന്റെ കക/കകക ഘട്ട ക്ലിനിക്കൽ പരീക്ഷണം 2 മുതൽ 18 വയസ്സ് വരെ പ്രായമുള്ള ആരോഗ്യമുള്ള സന്നദ്ധരായവരിൽ നടത്തിവരുന്നു. വാക്സിന്റെ സുരക്ഷയും രോഗപ്രതിരോധ ശേഷിയും സംബന്ധിച്ച ഇടക്കാല വിവരങ്ങൾ കമ്പനി, ഡി സി ജി ഐക്ക് സമർപ്പിച്ചു.

ശശ. സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ കമ്പനി നാനോപാർട്ടിക്കിൾ ദ്രാവക വാക്സി (ഇഛഢഛഢഅ ത) ന്റെ കക/കകക ക്ലിനിക്കൽ പരീക്ഷണം രണ്ട് വയസ്സിന് മുകളിലുള്ളവർ മുതൽ 17 വയസ്സ് വരെയുള്ള 920 കുട്ടികളിൽ നടത്തിവരുന്നു.

iii. ബയോളജിക്കൽ ഇ ലിമിറ്റഡ് കമ്പനി =5 മുതൽ <18 വയസ്സ് വരെയുള്ള 624 കുട്ടികളിൽ ടഅഞടഇീഢ 2 ജീനിന്റെ ഘടന സംബന്ധിച്ച കക/കകക ഘട്ട ക്ലിനിക്കൽ പരീക്ഷണം നടത്തുന്നു.

iv. ജോൺസൺ ആൻഡ് ജോൺസൺ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി 1217 വയസ്സി നിടയിലുള്ള വരിൽ A-d.26C-O-V.2S വാക്സിന്റെ II/III ഘട്ട ക്ലിനിക്കൽ പരീക്ഷണം നടത്തുന്നു

( ആഗോള തലത്തിൽ കമ്പനി നടത്തുന്ന പരീക്ഷണങ്ങളിൽ ഇന്ത്യ ഒരു പരീക്ഷണ കേന്ദ്രം ആണ് ).

മുൻപറഞ്ഞ കോവിഡ് 19 വാക്സിനുകൾക്ക് അംഗീകാരം നൽകുന്നത് അവയുടെ ക്ലിനിക്കൽ പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം 2019ലെ പുതിയ ഡ്രഗ്സ് ആന്റ് ക്ലിനിക്കൽ ട്രയൽസ് നിയമങ്ങൾ, 1940ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമം എന്നിവ അനുസരിച്ച്, അതാത് കമ്പനികൾ ആവശ്യമായ വിവരങ്ങൾ ഡ്രഗ് കൺട്രോളർ ജനറലിന് സമർപ്പിക്കുന്നതിനെ ആശ്രയിച്ചിരിക്കും.

ഇന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ ആണ് ഇക്കാര്യം വ്യക്തമാക്കിയത്.

# ഉന്നത വിദ്യാഭ്യാസ മേഖലയെ മികച്ച നിലവാരത്തിലേക്ക് ഉയർത്തും: മുഖ്യമന്ത്രി

സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്കു സർക്കാർ ഉടൻ തുടക്കം കുറിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ഉന്നതവിദ്യാഭ്യാസ രംഗത്തും കാലാനുസൃതമായ പരിഷ്കാരങ്ങൾക്കു സർക്കാർ തുടക്കമിടുകയാണെന്നു മുഖ്യമന്ത്രി പറഞ്ഞു. ദേശീയ, രാജ്യാന്തര റാങ്കിങ്ങിൽ കേരളത്തിലെ സർവകലാശാലകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും പിന്നിലാണ് ഇപ്പോൾ. ഇതിനു മാറ്റംവരുത്തി ആധുനികകാലത്തിനനുസരിച്ചു കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റും. എല്ലാ പശ്ചാത്തല സൗകര്യങ്ങളും സൃഷ്ടിച്ചുകൊണ്ടായിരിക്കുമിത്.



ആധുനിക കാലത്തിനൊത്ത കോഴ്സുകൾ ആരംഭിക്കണം. മികച്ച ലൈബ്രറിയും ലബോറട്ടറിയും ഹോസ്റ്റലുകളും വരണം. അതുവഴി ഓരോ വിദ്യാഭ്യാസ സ്ഥാപനവും രാജ്യത്തെ ഏറ്റവും മികച്ച പത്തിൽ ഒന്നായും ലോകത്തെ മികച്ച 100 സ്ഥാപനങ്ങളിലൊന്നായും മാറേണ്ടതുണ്ട്. അങ്ങനെയായാൽ കോഴ്സുകൾതേടി മറ്റു സംസ്ഥാനങ്ങളിലേക്കു കുട്ടികൾ പോകുന്ന സ്ഥിതി മാറും. വിദേശത്തുനിന്നുപോലും കുട്ടികൾ പഠനത്തിനായി ഇവിടേയ്ക്കെത്തും മുഖ്യമന്ത്രി പറഞ്ഞു. ആരും കൊതിക്കുന്ന നാടാക്കി കേരളത്തെ മാറ്റിയെടുക്കുകയെന്ന ലക്ഷ്യത്തിലേക്കാണു സർക്കാർ നീങ്ങുന്നത്. സംസ്കാര സമ്പന്നരായ ജനങ്ങളും ഏറ്റവും നല്ല കാലാവസ്ഥയും മനംമയക്കുന്ന പ്രകൃതിരമണീയതയുമുള്ള നാടാണു കേരളം.

എല്ലാറ്റിലുമുപരി ജീവിക്കാൻ ഏറ്റവും സമാധാനം നിറഞ്ഞതും ഒരു ഭേദചിന്തയുമില്ലാതെ മനുഷ്യനു മനുഷ്യനോട് ഇടപഴകാൻ കഴിയുന്നതുമായ നാടാണ്. അത്തരം നാട്ടിലേക്കുകടന്നുവരാൻആരും കൊതിക്കും. ഇതു സൃഷ്ടിക്കപ്പെടാൻ യുവത കൂടുതൽ ഉണർവിലേക്കു നീങ്ങണം. വിദ്യാഭ്യാസ നിലവാരത്തിനൊപ്പം തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. 40 ലക്ഷം പേർക്കു തൊഴിൽ നൽകുന്ന ബ്രഹത് പദ്ധതിയുടെ ആദ്യ ഘട്ടത്തിന് ഉടൻ തുടക്കംകുറിക്കും. വർക്ക് ഫ്രം ഹോമിന്റെ സാധ്യത മുൻനിർത്തി വർക്ക് നിയർ ഹോം പദ്ധതിക്കും തുടക്കമാകുമെന്നു മുഖ്യമന്ത്രി പറഞ്ഞു.

അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ സാംസ്കാരിക, യുവജനകാര്യ മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. സംഗീതജ്ഞൻ സ്റ്റീഫൻ ദേവസി മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ്. സതീഷ്, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# റേഷൻ ഉത്പന്നങ്ങളുടെ തൂക്കവും ഗുണനിലവാരവും ഉറപ്പുവരുത്തും: മന്ത്രി അഡ്വ. ജി.ആർ അനിൽ

റേഷൻ ഉത്പന്നങ്ങളുടെ തൂക്കത്തിനൊപ്പം ഗുണനിലവാരവും പ്രധാനമാണെന്നും അവ സർക്കാർ ഉറപ്പുവരുത്തുമെന്നും ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അഡ്വ. ജി.ആർ അനിൽ പറഞ്ഞു. താൽക്കാലികമായി റദ്ദ് ചെയ്ത റേഷൻ കടകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കുന്നതിനായി പത്തനംതിട്ട അബാൻ ഓഡിറ്റോറിയത്തിൽ നടത്തിയ അദാലത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

റേഷൻ കടകളുടെ ഉടമസ്ഥ അവകാശികൾ ഇല്ലാത്തതും ലൈസൻസ് നൽകാൻ സാധിക്കാത്തതുമായ പ്രശ്നങ്ങളിൽ നോട്ടിഫൈ ചെയ്ത് പുതിയ ഉടമസ്ഥരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് നീങ്ങുകയാണ്. താൽക്കാലികമായി ബന്ധിപ്പിച്ചിരിക്കുന്ന കടകളെ സംബന്ധിച്ച് പിൻഗാമിയോ അവകാശിയോ നടത്തിപ്പുകാരോ എന്നത് സംബന്ധിച്ചുള്ള പരിശോധന എത്രയും വേഗം പൂർത്തിയാക്കി അർഹതുള്ളവർക്ക് നൽകാനുള്ള നടപടിയാണ് വകുപ്പും സർക്കാരും ഉദ്ദേശിക്കുന്നത്. 1500ൽ അധികം റേഷൻ കടകൾ മറ്റ് കടകളുമായി ബന്ധിപ്പിച്ചിരിക്കുന്നത് പൂർണമായും ഒഴിവാക്കും. 14250 റേഷൻ കളകളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ 1500 കടകളിലെ പ്രശ്നം പരിഹരിച്ച് അർഹരായ അത്രയും പേർക്ക് തൊഴിൽ സാഹചര്യം ഒരുക്കും. റേഷൻ വാങ്ങാൻ വരുന്നവർക്ക് അറ്റാച്ച് ചെയ്തിരിക്കുന്ന റേഷൻ കടകളിൽ നിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ജനങ്ങൾക്ക് നിലവിലുള്ള അസൗകര്യം മാറ്റി അവരുടെ വാർഡിൽ തന്നെ കട പുന:സ്ഥാപിച്ചുകൊണ്ട് റേഷൻ ലഭ്യമാക്കും. റേഷൻ കട ലൈസൻസികളെ സംബന്ധിച്ച് പരമാവധി ആനുകൂല്യം ഉറപ്പാക്കും. കോവിഡ് ബാധിച്ച് മരിച്ച റേഷൻ വ്യാപാരികളുടെ കുടുംബങ്ങൾക്ക് ഏഴര ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് നൽകാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള ലൈസൻസ് പിൻഗാമികളോട് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. റേഷൻ കട നടത്തിപ്പിൽ ചിലയിടങ്ങളിൽ പിഴവ് വന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സർക്കാരിനോടും ജനങ്ങളോടും റേഷൻ കട ഉടമകൾക്ക് ഉത്തരവാദിത്തമുണ്ട്. അവ പൂർണമായി നിർവഹിച്ച് കൃത്യമായ രീതിയിൽ റേഷൻ കാർഡ് ഉടമകൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കണം. ഈ പ്രവർത്തനത്തെ സർക്കാർ പ്രോത്സാഹിപ്പിക്കും. സർക്കാർ നിർദേശം അനുസരിച്ച് കടകൾ നടത്തുന്ന രീതിയിലേക്ക് പോകണം. മുൻവിധിയോട് കൂടി ഒരു ലൈസൻസിയുടെയും പ്രവർത്തനത്തെ തടസപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കൂട്ടായ ഇടപെടലിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷ്യസാധനം തൂക്കത്തിലും ഗുണനിലവാരത്തിലും മുൻപന്തിയിലായിരിക്കണമെന്നും മന്ത്രി പറഞ്ഞു. സിവിൽ സപ്ലൈസ് കമ്മീഷണർ ഡോ. ഡി.സജിത്ത് ബാബു, കൊല്ലം സൗത്ത് സോൺ റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ ആർ. അനിൽരാജ്, ജില്ലാ സപ്ലൈ ഓഫീസർ സി.വി മോഹനകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് ഇന്ന് 5056 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 4656 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 67,437 സാമ്പിളുകളാണ് പരിശോധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 5180 പേർ രോഗമുക്തി നേടി. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 28 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 106 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 41,902 ആയി. എറണാകുളം 776, തിരുവനന്തപുരം 705, കോഴിക്കോട് 537, തൃശൂർ 468, കോട്ടയം 375, കൊല്ലം 374, കണ്ണൂർ 308, പത്തനംതിട്ട 227, ഇടുക്കി 172, വയനാട് 168, ആലപ്പുഴ 165, മലപ്പുറം 163, പാലക്കാട് 130, കാസർഗോഡ് 88 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 16 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4382 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 221 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 37 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,64,650 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,59,936 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 4714 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 271 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംസ്ഥാനത്ത് 40,072 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,91,224 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 19 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 21 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# കിസാൻ എക്സ്പോ 2021 തിരുവനന്തപുരത്ത് ഡിസംബർ 22 മുതൽ നടക്കും

കിസാൻ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻറ് ഇൻഡസ്ട്രീസും എക്സിക്യൂട്ടീവ് നോളജ് ലൈൻസും വിവിധ കർഷക സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കിസാൻ ദിനാഘോഷവും പ്രദർശനവും ഡിസംബർ 22 നും 23 നും തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ഓഡിറ്റോറിയത്തിൽ നടക്കും.

കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ നിന്നുള്ള സ്ഥാപനങ്ങളുടെ സ്റ്റാളുകൾ പ്രദർശനത്തിൽ ഉണ്ടാവും.

കിസാൻ എക്സ്പോയുടെ ലോഗോ പ്രകാശനം ഡെയറി ഡെവലപ്മെൻറ് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവ്വഹിച്ചു.

കൃഷി സംബന്ധമായ നൂതന ആശയങ്ങളും പദ്ധതികളും, സാങ്കേതിക അറിവുകളും കിസാൻ എക്സ്പോയുടെ ഭാഗമായി വിദഗ്ധർ പങ്കുവയ്ക്കും. വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, ഉൽപ്പന്ന സേവന പ്രദർശനം, ബയേഴ്സ് സെല്ലേഴ്സ് മീറ്റിംഗ്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കാർഷിക സ്കീമുകളുടെ പരിചയപ്പെടുത്തൽ തുടങ്ങി വിവിധ പരിപാടികളും നടക്കും.

കാർഷിക രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കർഷകരെയും, കാർഷിക മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകിയ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കിസാൻ എക്സ്പോയുടെ വേദിയിൽ ആദരിക്കും. പ്രവേശനം സൗജന്യമാണ്.

സെമിനാറുകളിലും എക്സിബിഷനിലും പങ്കെടുക്കാൻ താൽപര്യമുള്ളവർ 9947733339, 9995139933 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

sh-_v-ssk-äv www.k-i-san-expo.in

### അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി എൻഡോവ്മെന്റ് ഉദ്ഘാടനം ഏഴിന്

കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി അംഗങ്ങളുടെ മക്കളിൽ പ്ലസ് ടുവിന് എല്ലാ വിഷയത്തിലും എ പ്ലസ് നേടി വിജയിച്ച വിദ്യാർഥികൾക്ക് എൻഡോവ്മെന്റ് നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ ഏഴിനു വൈകിട്ട് നാലിന് പ്രസ് ക്ലബ് ഹാളിൽ വ്യവസായ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും.

ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. ശശി തരൂർ എം.പി. മുഖ്യാതിഥിയാകും.

# ബാലികയെ ബലാത്സംഗം ചെയ്ത് കൊന്ന പ്രതിക്ക് വധശിക്ഷ

സൂറത്ത്: രണ്ടു വയസുകാരിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത് കൊന്നയാൾക്ക് വധശിക്ഷ വിധിച്ച് പോക്സോ കോടതി. കുറ്റപത്രം സമർപ്പിച്ച് 21 ദിവസത്തെ റെക്കോഡ് സമയത്തിനുള്ളിലാണ് ശിക്ഷാവിധി പുറപ്പെടുവിച്ചതെന്നതും ശ്രദ്ധേയമാണ്. സൂറത്തിലെ പ്രത്യേക പോക്സോ കോടതിയാണ് കുടിയേറ്റത്തൊഴിലാളിയായ ഗുഡ്ഡു യാദവ് എന്ന 35കാരന് വധശിക്ഷ നൽകാൻ ഉത്തരവിട്ടത്. തിങ്കളാഴ്ചയാണ് ഇയാൾ കുറ്റക്കാരനെന്ന് പ്രഖ്യാപിച്ചത്. അപൂർവങ്ങളിൽ അപൂർവമായ കേസ് എന്ന് നിരീക്ഷിച്ചായിരുന്നു പോക്സോ കോടതി ജഡ്ജി പി എസ് കലയുടെ വിധി പ്രസ്താവം. 20 ലക്ഷം രൂപ കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും കോടതി ഉത്തരവിട്ടു. ബിഹാറിൽ നിന്നുള്ള കുടിയേറ്റത്തൊഴിലാളി കുടുംബാംഗമായ രണ്ടര വയസുകാരി നവംബർ നാലിനാണ് തട്ടിക്കൊണ്ടുപോയി ബലാത്സംഗത്തിനിരയാവുകയും കൊല്ലപ്പെടുകയും ചെയ്തത്. പണ്ഡേസരയിൽ വച്ചായിരുന്നു സംഭവം. ഒരു കിലോമീറ്റർ അകലെ ഒരു ഫാക്ടറി പരിസരത്ത് നവംബർ ഏഴിനായിരുന്നു കാണാതായ ബാലികയുടെ മൃതദേഹം കണ്ടെത്തിയത്. സിസിടിവി ദൃശ്യങ്ങളും പ്രദേശവാസികളിൽ നിന്നുള്ള മൊഴികളും ശേഖരിച്ച പൊലീസ് പ്രതിയെ തിരിച്ചറിയുകയും നവംബർ ഒമ്പതിന് ഗുഡ്ഡു യാദവ് അറസ്റ്റിലാകുകയുമായിരുന്നു. ഏഴ് ദിവസംകൊണ്ട് പണ്ഡേസര പൊലീസ് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. പ്രത്യേക കോടതി ഉടൻതന്നെ വിചാരണ നടപടികൾ ആരംഭിച്ചു. 43 സാക്ഷികളെയാണ് ഇരുഭാഗങ്ങളിൽ നിന്നുമായി വിസ്തരിച്ചത്.

പ്രതിക്ക് വധശിക്ഷ തന്നെ നൽകണമെന്ന് പ്രോസിക്യൂഷൻ ഭാഗം അഭിഭാഷകൻ വാദിച്ചു. എന്നാൽ പ്രതിയുടെ കുട്ടികളുടെ ഭാവി പരിഗണിച്ച് വധശിക്ഷ നല്കരുതെന്നും മാനുഷിക പരിഗണന നല്കണമെന്നായിരുന്നു പ്രതിഭാഗം അഭിഭാഷന്റെ അഭ്യർത്ഥന.

തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, കൊലപാതകം തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം പ്രതി ശിക്ഷാർഹനാണെന്ന് കോടതി കണ്ടെത്തുകയായിരുന്നു.

### റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

തിരുവനന്തപുരം സിഇടി (കോളേജ് ഓഫ് എൻജിനിയറിങ് ട്രിവാൻഡ്രം) യിൽ ആർക്കിടെക്ചർ വിഭാഗത്തിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഏതാനും ഒഴിവുകളുണ്ട്. കൗൺസിൽ ഓഫ് ആർക്കിടെക്ചർ അംഗീകരിച്ച ബി.ആർക് യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. എം.ആർക്ക്, എം.പ്ലാനിംഗ് എന്നിവയിലേതിലെങ്കിലും ബിരുദാനന്തര ബിരുദമുള്ളവർക്ക് മുൻഗണന ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2515565

# മോഡലുകളുടെ മരണം: സൈജുവിനെ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയനാക്കും

കൊച്ചി: മോഡലുകളുടെ അപകട മരണത്തിൽ കേസിലെ മുഖ്യപ്രതി സൈജു തങ്കച്ചൻ ലഹരി ഉപയോഗിച്ചിരുന്നോ എന്ന് മനസിലാക്കുവാൻ അന്വേഷണ സംഘം ശാസ്ത്രീയ പരിശോധന നടത്തും. ഇതിനായി സൈജുവിന്റെ മുടിയും നഖവും ശേഖരിച്ച് പരിശോധനകൾക്ക് അയച്ചു. ഇയാൾ ലഹരിയിലായിരുന്നുവെന്ന് അപകടത്തിൽ പെട്ട കാറിന്റെ ഡ്രൈവർ അബ്ദുൾ റഹ്മാൻ നേരത്തെ പൊലീസിന് മൊഴി നൽകിയിരുന്നു. എന്നാൽ ഇത് സാധൂകരിക്കുന്നതിന് ആവശ്യമായ തെളിവുകൾ പൊലീസിന്റെ പക്കലില്ല. മുടി, നഖ പരിശോധനയിൽ നിന്ന് മയക്കുമരുന്ന് പോലുള്ള ലഹരി മരുന്നുകൾ ഉപയോഗിച്ചിരുന്നതായി കണ്ടെത്താനാകുമെന്ന പ്രതീക്ഷയിലാണ് അന്വേഷണ സംഘം. ലഹരിയുടെ അംശം ആറുമാസത്തോളം മുടിയിലും നഖത്തിലും അവശേഷിക്കുമെന്നാണ് കണക്കുകൂട്ടൽ. ഫലം അന്വേഷണ സംഘത്തിന് അനുകൂലമാണെങ്കിൽ അത് കേസിന് ഏറെ ബലം നൽകുമെന്നും പൊലീസ് പറയുന്നുണ്ട്. ഫോർട്ട് കൊച്ചിയിലെ നമ്പർ 18 ഹോട്ടലുടമ റോയി വയലാട്ടിനെ വീണ്ടും ചോദ്യംചെയ്യാനും ക്രൈം ബ്രാഞ്ച് സംഘം തീരുമാനിച്ചിട്ടുണ്ട്. ഹോട്ടലിൽ പതിവായി ലഹരി പാർട്ടികൾ നടക്കാറുണ്ടെന്നും പല ഉന്നതരും ഇവിടെ നിത്യ സന്ദർശകരായിരുന്നുവെന്നും സൈജു പൊലീസിന് മൊഴി നൽകിയിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം തേടിയാണ് പൊലീസ് കേസുമായി ബന്ധപ്പെട്ട് ജാമ്യത്തിലിറങ്ങിയ റോയി വയലാട്ടിനെ വിളിച്ചുവരുത്തി വീണ്ടും മൊഴിയെടുക്കുന്നത്. കഴിഞ്ഞവർഷം ഏപ്രിൽ 27, ഡിസംബർ 27, ഈ വർഷം ഒക്ടോബർ ഒമ്പത് തീയതികളിൽ ഹോട്ടലിൽനിന്ന് പകർത്തിയ വീഡിയോകളാണ് സൈജു തങ്കച്ചന്റെ ഫോണിൽ നിന്ന് ലഭിച്ചത്. ഇവിടെ മയക്കുമരുന്നിന്റെ ഉപയോഗം നടന്നതായി സൈജുവിന്റെ മൊഴിയിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട്കൊച്ചി പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ കഴിഞ്ഞ ദിവസങ്ങളിൽ വീണ്ടും ഹോട്ടലിൽ പരിശോധന നടത്തിയിരുന്നു.



സർക്കാർ ഡയറി മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു




പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിലെ ഓൺലൈൻ ബുക്കിങ് ഫലപ്രദമാക്കുന്നതിന് ആരംഭിച്ച കേന്ദ്രീകൃത കൺട്രോൾ റൂമിന്റെ ഉദ്ഘാടനം പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കുന്നു

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 129.54 കോടി പിന്നിട്ടു

ന്യൂ ഡൽഹി: കഴിഞ്ഞ 24 മണിക്കൂറിൽ 73,62,000 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 129.54 കോടി (1,29,54,19,975) കടന്നു. 1,35,05,139 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 9,525 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,40,89,137 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.36% 2020 മാർച്ച് മുതൽ ഏറ്റവും ഉയർന്ന നിരക്ക്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 41 ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 15,000ത്തിൽ താഴെയാണ്.

കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 8,439 പേർക്കാണ്.

നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 93,733 പേരാണ് 555 ദിവസത്തെ ഏറ്റവും കുറഞ്ഞ നിരക്ക്. നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.27 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാ ശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 12,13,130 പരിശോധനകൾ നടത്തി. ആകെ 65.06 കോടിയിലേറെ (65,06,60,144) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.76 ശതമാനമാണ് 24 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.70% ശതമാനമാണ്. കഴിഞ്ഞ 65 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 100 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

## 110 വയസിൽ തിമിര ശസ്ത്രക്രിയയിലൂടെ കാഴ്ച വീണ്ടെടുത്തു

110 വയസിലും തിമിര ശസ്ത്രക്രിയയിലൂടെ കാഴ്ച വീണ്ടെടുത്ത് നൽകിയിരിക്കുകയാണ് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്. വണ്ടൂർ സ്വദേശി രവിയ്ക്കാണ് മെഡിക്കൽ കോളേജ് നേത്രരോഗ വിഭാഗം ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയ പൂർണ വിജയമായിരുന്നു. അപ്രതീക്ഷിതമായി തിരിച്ചുകിട്ടിയ കാഴ്ചയിൽ രവിയും കുടുംബവും സന്തോഷം പങ്കുവെച്ചു. മികച്ച ചികിത്സ നൽകി കാഴ്ചയുടെ ലോകത്തെത്തിച്ച മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

രണ്ടു കണ്ണുകളിലും യുവിയൈറ്റിസും തിമിരവും ബാധിച്ച് പൂർണമായും കാഴ്ച നഷ്ടപ്പെട്ട അവസ്ഥയിലാണ് രവി മഞ്ചേരി മെഡിക്കൽ കോളേജ് നേത്ര രോഗവിഭാഗത്തിൽ ചികിത്സ തേടിയത്. അദ്ദേഹത്തിന്റെ പ്രായവും മറ്റസുഖങ്ങളും ശസ്ത്രക്രിയക്ക് വെല്ലുവിളി സൃഷ്ടിച്ചിരുന്നു.

നേത്ര രോഗ വിഭാഗം മേധാവി ഡോ. രജനിയുടെ നേതത്വത്തിൽ രണ്ടു കണ്ണുകളുടെയും തിമിര ശസ്ത്രക്രിയ ഒരേ ദിവസം നടത്തി. നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി.എസ്. രേഖ, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. വീണ ദത്ത്, അനസ്തേഷ്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഷുഹൈബ് അബൂബക്കർ എന്നിവരുടെ ടീമായിരുന്നു ശസ്ത്രക്രിയ നടത്തിയത്.

## പി. ഡബ്ല്യു. ഡി റസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗിന് കേന്ദ്രീകൃത കൺട്രോൾ റൂം

പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് കേന്ദ്രീകൃത കൺട്രോൾ റൂം തയ്യാറാകുന്നു. പബ്ലിക് ഓഫീസിൽ സജ്ജമാക്കിയ കൺട്രോൾ റൂമിന്റെ ഔപചാരികമായ ഉദ്ഘാടനം ഇന്ന് (ഡിസംബർ 8) രാവിലെ 11.30 ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും.

ഓൺലൈൻ ബുക്കിംഗിൽ ജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്ന കോൾ സെന്ററായി കൺട്രോൾ റൂം പ്രവർത്തിക്കും. ഇതിനായി പ്രത്യേക ഫോൺ നമ്പറുകളും നൽകും. ഓൺലൈൻ സംവിധാനത്തെ സഹായിക്കാൻ റസ്റ്റ് ഹൗസുകളുടെ ഏകോപനം സാധ്യമാക്കാനും കൺട്രോൾ റൂം വഴി ലക്ഷ്യമിടുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിലാണ് കൺട്രോൾ റൂമിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

## ആശ്വാസത്തോടെ കേരളം: എട്ട് പേർക്ക് ഒമിക്രോൺ നെഗറ്റീവ്

സംസ്ഥാനത്ത്നിന്ന് ഒമിക്രോൺ ജനിതക പരിശോധനയ്ക്കയച്ച എട്ട് പേരുടെ സാമ്പിളുകൾ ഒമിക്രോൺ നെഗറ്റീവാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട് 2, മലപ്പുറം 2, എറണാകുളം 2, തിരുവനന്തപുരം 1, പത്തനംതിട്ട 1 എന്നിങ്ങനെയാണ് ഒമിക്രോൺ നെഗറ്റീവായത്. ആകെ പത്ത് പേരുടെ ഒമിക്രോൺ ജനിതക പരിശോധനയ്ക്കയച്ചവരുടെ സാമ്പിളുകളിൽ ഇതുവരെ എട്ട് പേരുടെ പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്. ഇനി രണ്ട് പേരുടെ ഫലം കൂടി വരാനുണ്ട്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ ആർടിപിസിആർ പോസിറ്റീവ് ആകുന്നവരുടെ സാമ്പിളുകളാണ് ഒമിക്രോൺ ജനിതക പരിശോധനയ്ക്ക് അയയ്ക്കുന്നത്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ലാബിലാണ് ഒമിക്രോൺ ജനിതക പരിശോധന നടത്തുന്നത്.

ഹൈ റിസ്ക് രാജ്യത്തിൽ നിന്നും കോഴിക്കോട് എയർപോർട്ടിൽ എത്തിച്ചേർന്ന ഒരാൾക്ക് കൂടി കോവിഡ് പോസിറ്റീവായി. ഇദ്ദേഹത്തിന്റെ സാമ്പിളുകൾ ഒമിക്രോൺ ജനിതക പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആദ്യ ഫലങ്ങൾ നെഗറ്റീവായെങ്കിലും ജാഗ്രതയിൽ ഒരു കുറവും ഉണ്ടാകരുതെന്ന് മന്ത്രി പറഞ്ഞു.

## മാധ്യമങ്ങളുടെ പൊതുസ്വഭാവം പുരുഷ മേധാവിത്വത്തിന്റേത് ; മന്ത്രി പി രാജീവ്

തിരുവനന്തപുരം: മാധ്യമങ്ങളുടെ പൊതു സ്വഭാവം ഇപ്പോഴും പുരുഷ മേധാവിത്വത്തിന്റേതാണെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിച്ച മീഡിയാ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമത്വം ഉറപ്പിക്കുന്ന ബോധരൂപീകരണ പ്രക്രിയയ്ക്ക് ഉപകരിക്കുന്നവയാണ് മാധ്യമങ്ങൾ. ദൃശ്യ മാധ്യമങ്ങളുടെ വരവോടെയാണ് സ്ത്രീകൾ ഈ രംഗത്തേക്ക് കൂടുതലായി വന്നത്. എന്നാൽ പ്രവർത്തകരുടെ എണ്ണം വർധിച്ചതുകൊണ്ട് മാധ്യമ ബോധം വനിതകൾക്ക് അനുകൂലമാണെന്നും സമത്വത്തിലേക്ക് മാറുമെന്നും തെറ്റിദ്ധരിക്കാൻ പാടില്ല. ആൺ പെൺ ബന്ധങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട്, ജാതീയമായ പ്രശ്നങ്ങൾ എന്നിവയിൽ വലിയ അവബോധം നൽകാൻ മാധ്യമങ്ങൾക്ക് പങ്ക് വഹിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച ഗുണപരമായ വാർത്തകൾ നൽകുന്ന മാധ്യമ പ്രവർത്തകർക്ക് സർക്കാർ പുരസ്കാരം നൽകുമെന്ന് വനിതാ ശിശു വികസന മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. കോൺഫറൻസിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇത് പ്രസിദ്ധീകരിക്കൻ ആഗ്രഹിക്കുന്നുണ്ട്.

## കരസേനാ ഉപമേധാവി ഖത്തർ സന്ദർശിക്കുന്നു

ന്യൂ ഡൽഹി : ആർമി സ്റ്റാഫ് വൈസ് ചീഫ്,ലെഫ്റ്റനന്റ് ജനറൽ സി പി മൊഹന്തി 2021 ഡിസംബർ 08 മുതൽ 09 വരെ രണ്ട് ദിവസത്തെ ഖത്തർ സന്ദർശനത്തിനായി പുറപ്പെട്ടു. സന്ദർശന വേളയിൽ, ഖത്തർ പ്രതിരോധ മേഖലയിലെ ഉന്നതരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയും ഖത്തറും ഇന്ത്യയും തമ്മിലുള്ള മികച്ച പ്രതിരോധ സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യും .

ഖത്തർ പ്രതിരോധ കാര്യ സഹ മന്ത്രി, , ചീഫ് ഓഫ് സ്റ്റാഫ്, ഖത്തർ സായുധ സേന, ഖത്തർ എമിരി ലാൻഡ് ഫോഴ്സ് (ക്യുഇഎൽഎഫ്) കമാൻഡർ, അഹമ്മദ് ബിൻ മുഹമ്മദ് മിലിട്ടറി കോളജ് കമാൻഡന്റ് എന്നിവിടങ്ങളിൽ അദ്ദേഹം സന്ദർശനം നടത്തുകയും പരസ്പരം താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി ആശയ വിനിമയം നടത്തുകയും ചെയ്യും.

സന്ദർശനത്തിന്റെ പ്രധാന വിഷയങ്ങളിലൊന്ന് , ഖത്തറിലെ മുൻനിര പ്രതിരോധ വ്യവസായങ്ങളുടെ മുതിർന്ന നേതൃത്വവുമായുള്ള അദ്ദേഹത്തിന്റെ ആശയവിനിമയമാണ്.ഈ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം കൂടുതൽ ശക്തിപ്പെടുത്തും.

## ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ വ്യോമ പതിപ്പ് ഒഡീഷ തീരത്ത് സുഖോയ്30 എംകെഐയിൽ നിന്ന് വിജയകരമായി പരീക്ഷിച്ചു

ന്യൂഡൽഹി : ഡിസംബർ 8 2021 ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ വ്യോമ പതിപ്പ് ഇന്ന്(2021 ഡിസംബർ 08) രാവിലെ 10.30 ന് ഒഡീഷ തീരത്തെ ചാന്ദിപൂരിലുള്ള ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്ന് വിജയകരമായി പരീക്ഷിച്ചു. സൂപ്പർസോണിക് യുദ്ധവിമാനമായ സുഖോയ് 30 എംകെഐയിൽ നിന്ന് ആണ് പരീക്ഷണം നടത്തിയത്. വിമാനത്തിൽ നിന്ന് വിക്ഷേപിച്ച മിസൈൽ മുൻകൂട്ടി ആസൂത്രണം ചെയ്ത പാത പിന്തുടർന്നു കൊണ്ട് എല്ലാ ലക്ഷ്യങ്ങളും പൂർത്തിയാക്കി.

ബ്രഹ്മോസ് വികസനത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് വിക്ഷേപണം. രാജ്യത്തിനകത്ത് ബ്രഹ്മോസ് വ്യോമ മിസൈൽ പരമ്പരയുടെ നിർമ്മാണത്തിന് ഇത് വഴിയൊരുക്കും . റാംജെറ്റ് എഞ്ചിന്റെ അവിഭാജ്യ ഘടകമായ പ്രധാന എയർഫ്രെയിം ഉപകരണങ്ങൾ ഇന്ത്യയിലെ വ്യവസായ മേഖല തദ്ദേശീയമായി വികസിപ്പിച്ചതാണ്.

## മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം കുട്ടികളിൽ ദോഷകരമായി ബാധിക്കുന്നതായി പഠനം

ന്യൂഡൽഹി : ഗ്രാമങ്ങളിലും നഗരങ്ങളിലും കുട്ടികൾ ഇന്റർനെറ്റ് ലഭ്യതയുള്ള മൊബൈൽ ഫോണുകളും മറ്റ് ഉപകരണങ്ങളും ഉപയോഗിക്കുന്നതിന്റെ സ്വാധീനം(ശാരീരികം, പെരുമാറ്റ രീതികൾ മാനസികസാമൂഹികം ) എന്ന വിഷയത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ (ചഇജജഇഞ) അടുത്തിടെ നടത്തിയ പഠനത്തിൽ ഗ്രാമങ്ങളും നഗരങ്ങളും ഉൾപ്പടെ രാജ്യത്തെ എല്ലാ മേഖലകളിലും നിന്നായി അയ്യായിരത്തോളം കുട്ടികൾ പങ്കെടുത്തു

പഠനമനുസരിച്ച്, 23.80 ശതമാനം കുട്ടികളും ഉറങ്ങാൻ കിടക്കുമ്പോൾ സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നതായും , ഇത് പ്രായത്തിനനുസരിച്ച് വർദ്ധിക്കുന്നതായും ; ഇത് കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നതായും കണ്ടെത്തി

അനുചിതമായ സമയങ്ങളിൽ സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും ദോഷകരമായി ബാധിക്കും. കുട്ടികളിലെ ഏകാഗ്രതയുടെ തോത് കുറയുന്നതാണ് അത്തരത്തിലുള്ള ഒരു ആഘാതം.പഠനമനുസരിച്ച്, 37.15 ശതമാനം കുട്ടികളിൽ , എപ്പോഴും അല്ലെങ്കിൽ ഇടയ്ക്കിടെ, സ്മാർട്ട് ഫോൺ ഉപയോഗം കാരണം ഏകാഗ്രതയുടെ അളവ് കുറയുന്നു

ഓരോ പ്രദേശത്തെയും ഭൂമിയുടെ വലിയൊരു ഭാഗം കുട്ടികൾക്കുള്ള കളിസ്ഥലമായി തിരിച്ചറിയേണ്ടതുണ്ട്, അത് കുട്ടികളെ കളികളിലും, കായിക വിനോദങ്ങളിലും ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുമെന്നു പഠനത്തിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി എൻസിപിസിആർ ശുപാർശ ചെയ്യുന്നു

## തൊഴിൽ അവസരങ്ങൾ ഒരുക്കി എംപ്ലോയ്മെന്റിന് കീഴിൽ തൊഴിൽമേള

കോവിഡ് മഹാമാരിക്കിടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ തൊഴിലവസരങ്ങളൊരുക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലായി ഡിസംബർ, 2022 ജനുവരി മാസങ്ങളിൽ നടക്കുന്ന തൊഴിൽമേളകളിൽ ആയിരത്തിലധികം തൊഴിൽദായകരും ഇരുപതിനായിരത്തിലധികം ഒഴിവുകളും പ്രതീക്ഷിക്കുന്നു.

കേന്ദ്രസംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനോടൊപ്പം സ്വകാര്യമേഖലയിലെ അവസരങ്ങളും അഭ്യസ്തവിദ്യർക്ക് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികളാണ് തൊഴിൽ വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നത്.

എംപ്ലോയബിലിറ്റി സെന്ററുകളുടെ നേതൃത്വത്തിലുള്ള ജോബ് ഡ്രൈവ് ലക്ഷ്യ തൊഴിൽ മേളകളിലൂടെയും നിയുക്തി തൊഴിൽ മേളയിലൂടെയും ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിച്ചു കഴിഞ്ഞു.

അക്കാദമിക് വിദ്യാഭ്യാസം കൊണ്ട് മാത്രം മികച്ച തൊഴിൽ നേടാൻ കഴിയില്ലെന്ന തിരിച്ചറിവിലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുകയും ഇവയുടെ ആഭിമുഖ്യത്തിൽ എംപ്ലോയബിലിറ്റി സ്കീമുകളും സോഫ്റ്റ് സ്കില്ലുകളും പരിശീലിപ്പിക്കുകയും ചെയ്യുന്നത്.

കരിയർ ഡെവലപ്മെന്റ് സെന്ററുകളിലൂടെ അഭ്യസ്തവിദ്യർക്ക് ആവശ്യമായ വ്യക്തിത്വവികസനത്തിന് പരിശീലനവും നൽകുന്നുണ്ട്.

തൊഴിൽമേളയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗദായകർക്കും ഉദ്യോഗാർഥികൾക്കും ംംം.ഷീയഉലൈ.ഴീ.ശി ലൂടെ രജിസ്റ്റർ ചെയ്യാം.

## ഇശ്രം രജിസ്ട്രേഷൻ അവസരം കൃത്യമായി വിനിയോഗിക്കണം ജില്ലാ കലക്ടർ

അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികളും ഇശ്രം പോർട്ടലിലേക്ക് എത്രയും വേഗം രജിസ്ട്രേഷൻ നടത്തണമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിൽ ഉടമകളുടെയും വിവിധ ട്രേഡ് യൂണിയനുകളുടെയും വകുപ്പുകളുടെയും സഹകരണവും കലക്ടർ അഭ്യർത്ഥിച്ചു.

രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഇ. എസ്.ഐ/ഇ.പി.എഫ് അംഗത്വമില്ലാത്ത 16നും 59 നും ഇടയിൽ പ്രായമുള്ള എല്ലാ അസംഘടിത തൊഴിലാളികളും ഡിസംബർ 31നകം അവസരം വിനിയോഗിക്കണം. സ്വന്തമായോ പൊതുസേവന കേന്ദ്രം (സി. എസ്. സി ), അക്ഷയ, ഇന്ത്യൻ പോസ്റ്റൽ ബാങ്ക് വഴിയോ രജിസ്ട്രേഷൻ നടത്താം. r-e-g-i-ster.e-shr-am.gov.in പോർട്ടലിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.

ആധാർ, ബാങ്ക് അക്കൗണ്ട്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ എന്നിവയുണ്ടെങ്കിൽ ഒ.ടി.പി വെരിഫിക്കേഷൻ സൗകര്യമുപയോഗിച്ച് സ്വന്തമായി രജിസ്റ്റർ ചെയ്യാം. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ ഇല്ലാത്തവർക്ക് അടുത്തുള്ള സി.എസ്.സി/അക്ഷയ കേന്ദ്രങ്ങളിൽ ബയോമെട്രിക് വെരിഫിക്കേഷൻ വഴി നടത്താം. രജിസ്ട്രേഷൻ പൂർത്തിയാക്കി കാർഡ് ഡൗൺലോഡ് ചെയ്യാം.

തൊഴിലുറപ്പ് തൊഴിലാളികൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ, ലോട്ടറി വിൽപനക്കാർ, കരകൗശല തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, കുടിയേറ്റ തൊഴിലാളികൾ, കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, ചുമട്ടുതൊഴിലാളികൾ, ചെറുകിട തോട്ടംതയ്യൽ തൊഴിലാളികൾ, ആരോഗ്യവകുപ്പിലെ താൽക്കാലിക ജീവനക്കാർ, കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന വിവിധ വിഭാഗക്കാർ, ഓട്ടോടാക്സി ഡ്രൈവർമാർ, മത്സ്യതൊഴിലാളികൾ, ഹരിതകർമ്മ സേന തുടങ്ങിയ അസംഘടിത തൊഴിലാളികളെല്ലാം രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.